തീരദേശ ഹൈവേ

253(3139) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;ഏങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി ജില്ലയിൽ സ്ഥലമെടുപ്പ് പൂർത്തിയാക്കാനും, റോഡു നിർമ്മാണം പൂർത്തീകരിക്കാനും ബാക്കിയുള്ളത് ഏതെല്ലാം മണ്ഡലത്തിൽ, എവിടെയെല്ലാം എത്ര കിലോമീറ്റർ വീതം എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ തടസ്സങ്ങൾ നീക്കി ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തീരദേശ റോഡായ ആലപ്പുഴ - അർത്തുങ്കൽ - ചെല്ലാനം റോഡ് 0/000 മുതൽ 32/740 വരെ ഉള്ള ഭാഗത്തിൽ, 0/000 മുതൽ 1/650 വരെയുള്ള ഭാഗം ഒഴികെയുള്ള റോഡ് ബി.എം.&ബി.സി. ചെയ്തിട്ട് ആറു വർഷമായി. ആലപ്പുഴ ഠൗണിൽ 2 കി.മീ. ദേശീയപാത ബൈപ്പാസിന്റെ ഭാഗമാണ്. അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനുശേഷമുള്ള 1.5 കി.മീ. റോഡിൽ പുനഃരുദ്ധാരണം നടത്തേണ്ടതായിട്ടുണ്ട്. വാടാപ്പൊഴി പാലം മുതൽ മത്സ്യഗന്ധി ജംഗ്ഷൻ വരെ മിസ്സിംഗ് ലിങ്ക് 475 മീറ്റർ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. തുടർന്നുള്ള ഭാഗം എൻ.എച്ച്.എസ്.എൻ.എം.എച്ച്.എസ്. ജംഗ്ഷൻ മുതൽ പുറക്കാട്-ഇരട്ടക്കുളങ്ങര മത്സ്യഗന്ധി ജംഗ്ഷൻ വരെയുള്ള 15.85 കി.മീ. ഭാഗം നിലവിൽ 20 മി.മീ. ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ ചെയ്തിട്ടുണ്ട്. തുടർന്നുള്ള തോട്ടപ്പള്ളി-തുക്കുന്നപ്പുഴ റോഡ് 7.6 കി.മീ. ബി.എം.&ബി.സി. ജോലികൾ പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള തുക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് 15.70 കി.മീ.-ൽ ആദ്യത്തെ 5 കി.മീ. ബി.എം.&ബി.സി. ജോലികൾ പുരോഗമിച്ചു വരുന്നു. തുടർന്നുള്ള ഭാഗത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള 12 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട് മണ്ഡലങ്ങളിലാണ് സ്ഥലമെടുപ്പ് പ്രവൃത്തികളും, നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കുവാനുള്ളത്. ആലപ്പുഴ മണ്ഡലത്തിൽപ്പെട്ട ബി.എം.&ബി.സി. ചെയ്യുവാനുള്ള 0/000 മുതൽ 1/650 വരെയുള്ള ഭാഗവും അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട ആലപ്പുഴ ടൗണിലുള്ള 1.50 കി.മീ. റോഡും, 475 മീറ്റർ മിസ്സിംഗ് ലിങ്കും, ഹരിപ്പാട് മണ്ഡലത്തിലുള്ള തോട്ടപ്പള്ളിവരെയുള്ള ഭാഗവും, തോട്ടപ്പള്ളി മുതൽ വലിയഴീക്കൽ വരെയുള്ള ഭാഗവുമാണ് പൂർത്തീകരിക്കുവാനുള്ളത്.

(സി) റോഡ് വീതി കൂട്ടുന്നതിനുവേണ്ടി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

ശബരിമല റോഡുകൾ

254(3140) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുന്നത് പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഇതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ബി) തീർത്ഥാടനകാലം തുടങ്ങിയ ശേഷവും ശബരിമലയിലേക്കുള്ള വിവിധ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി അനുവദിച്ച തുകയിൽനിന്ന് എത്ര തുക ഉപയോഗിച്ച് ഇതുവരെ പണി നടത്താനായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്. ഇതിനായി 5412 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അഞ്ച് വർഷം ഈ റോഡ് കേട്പാടുകൾ ഇല്ലാതെ കരാറുകാരൻ തന്നെ സംരക്ഷിക്കുന്നതുമൂലം ശബരിമലയിലേക്കുള്ള ഗതാഗതം സുഗമമാക്കുവാൻ കഴിയും.

(ബി) മഴ പണികളെ തടസ്സപ്പെടുത്തിയെങ്കിൽ പോലും, പ്രധാന പാതകളുടെയെല്ലാം പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ റോഡുകളുടെ പണികൾ പുരോഗമിച്ചുവരുന്നു.

(സി) ശബരിമല റോഡുകൾക്കായി ഭരണാനുമതി നൽകിയ മുഴുവൻ തുകയ്ക്കുള്ള പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്.

GPM. 2/241/2020-39

LIBRARY ARCHIVES Kerala Legislative Assembly